(ബി) പ്രസ്തുത നിവേദനത്തിൻമേൽ ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അമ്പിലേരിയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനം ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(ബി&സി) വിവരം ശേഖരിച്ച് വരുന്നു. ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

ഫിലിം ആർക്കേവ്സ്

293 (3805) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ചലച്ചിത്ര അക്കാദമിയുടെ നിയന്ത്രണത്തിൽ ഫിലിം ആർക്കേവ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) സിനിമാ ആർക്കേവ്സിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിനായി ഏതെങ്കിലും വ്യക്തിയേയോ ഏജൻസിയേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) നാളിതുവരെ നിർമ്മാണത്തിന്റെ രേഖകളോടെ എത്ര സിനിമകൾ ശേഖരിച്ചിട്ടുണ്ട് ; പ്രസ്തുത സിനിമകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ഡി) കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ആർക്കേവ്സ് ആരംഭിക്കുന്നതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള ചലച്ചിത്ര അക്കാദമിയുടെ നിയന്ത്രണത്തിൽ ഫിലിം ആർക്കേവ്സ് ആരംഭിക്കുവാനുള്ള അക്കാദമിയുടെ ശിപാർശ സർക്കാരിൽ പരിശോധിച്ചു വരുന്നു. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിലിം ആർക്കേവ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

കേടാകാത്തതും പൂർണ്ണമായതും ലഭ്യമായതുമായ കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെടാത്ത എല്ലാ മലയാള സിനിമകളുടെയും നെഗറ്റീവുകൾ ഫിലിം വാൾട്ടിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതാണ്.

(സി) ശേഖരിച്ചിട്ടില്ല.

(ഡി) കെ.എസ്.എഫ്.ഡി.സി. യുടെ മേൽനോട്ടത്തിൽ പഴയ മലയാള സിനിമകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ താൽക്കാലിക സൗകര്യം ഒരുക്കിക്കൊണ്ടിരിക്കുന്നു.

എ.സി. ലോഫ്ലോർ സർവ്വീസ്

294 (3806) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എ.സി. ലോഫ്ലോർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മാവേലിക്കരയിൽ നിന്നും ചുനക്കര-തെരുവുമുക്ക്-പടനിലം വഴി ചാരുംമൂട്-പന്തളം സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് JnNURAM ബസുകൾ അനുവദിക്കുന്നത്. പ്രസ്തുത DPR പ്രകാരം മാവേലിക്കര ഡിപ്പോയ്ക്ക് എ.സി. ലോഫ്ലോർ നൽകുവാൻ നിർദ്ദേശിച്ചിട്ടില്ല. ആയതിനാൽ മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എ.സി. ലോഫ്ലോർ സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബസ്സിന്റെ ലഭ്യതക്കുറവാണ് ടി സർവ്വീസ് ആരംഭിക്കുവാൻ കഴിയാതിരിക്കുന്നത്. ബസ്സിന്റെ ലഭ്യതയനുസരിച്ച് ടി സർവ്വീസ് ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly